സമഗ്ര ജൈവ കീടനാശിനി നയം

174 (1590) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരകമായ വിഷങ്ങളും, കീടനാശിനികളും അടങ്ങിയ പച്ചക്കറികൾ/പഴങ്ങൾ എന്നിവ മാർക്കറ്റിൽ വില്പനയ്ക്ക് എത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പച്ചക്കറികളിലും, പഴങ്ങളിലുമുള്ള കീടനാശിനികളുടെ അളവ് കണ്ടെത്തുന്നതിനുള്ള പരിശോധനാഫലം ലഭ്യമാക്കുന്നതിന് ഇപ്പോഴുള്ള കാലതാമസം പരിഗണിച്ച് 'പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലബോറട്ടറി' നവീകരിക്കുകയും, ഇവ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(സി) സമഗ്ര ജൈവ കീടനാശിനി നയം രൂപീകരിക്കുന്നതിനും, ജൈവകീടനാശിനികൾ ചെലവ് കുറച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മുക്കന്നൂർ പഞ്ചായത്തിൽനിന്നുള്ള അപേക്ഷകൾ

175 (1591) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ ഹോർട്ടികോർപ്പ് വഴി നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂർ പഞ്ചായത്തിൽ നിന്നുള്ള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്നു ;

(ബി) ഇതിൽ ഏതിനെല്ലാമാണ് ഇക അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മറ്റ് പദ്ധതികൾക്കായി തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പിലാക്കുന്ന ഹൈടെക് ഹരിതഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽനിന്നുള്ള 3 കോടി രൂപയുടെ പദ്ധതികളിൽ വിവിധ കൃഷികൾക്കായും മറ്റ് പദ്ധതികൾക്കായും സമർപ്പിക്കപ്പെട്ട അപേക്ഷകൾ ഇപ്രകാരമാണ് :

1.	മേൽക്കൂരയിലെ സോളാർ പാനൽ നിർമ്മാണം	- 136
2.	മേൽക്കൂരയിൽ മഴവെള്ള സംഭരണി നിർമ്മാണം	- 137
3.	മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം	- 275
4.	റിംഗ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം	- 881
5.	പോർട്ടബിൽ ബയോഗ്യാസ് യൂണിറ്റ് സ്ഥാപിക്കൽ	- 807
6.	വാഴ കൃഷി	- 498
7.	പച്ചക്കറി കൃഷി	- 236

(ബി&സി) തുക ഇതിൽ ഒന്നിനും അനുവദിച്ചിട്ടില്ല.

(ഡി) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മണ്ണ് സംരക്ഷണ പദ്ധതി

176 (1592) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുമ്പോൾ ഈ രംഗത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly